# കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

ഫോൺ 2369007, 2369196
2369143, 2369149
2369197, 2369069
ഫാക്സ് 91484-2369023

കോർപ്പറേഷൻ ഓഫീസ്
പി.ബി നമ്പർ 1016
എറണാകുളം, കൊച്ചി 682 011

ഭരണഭാഷ-മാതൃഭാഷ

No. MOCP1/64/98

തീയതി: 30/03/2023

# അറിയിപ്പ്

ധനകാര്യ **(എസ്.എഫ്.സി.ഡി)** വകുപ്പിന്റെ സ.ഉ **(കൈ)** നമ്പർ **58/2023/ധന/തീയതി 28/03/2023** ഉത്തരവ് പ്രകാരം, 2022 ഡിസംബർ 31 വരെ സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ 2023 ഏപ്രിൽ ഒന്നു മുതൽ ജൂൺ 30 വരെയുള്ള കാലയളവിനുള്ളിൽ അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിംഗ് നടത്തേണ്ടതാണെന്നും 2024 മുതൽ എല്ലാ വർഷവും ജനുവരി ഒന്നു മുതൽ ഫെബ്രുവരി 28/29-നകം തൊട്ടുമുമ്പുള്ള വർഷം ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക്ക് മസ്റ്ററിംഗ് നടത്തേണ്ടതാണെന്നും ഉത്തരവായിട്ടുള്ളതാണ്.

ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർ, കിടപ്പുരോഗികൾ, വൃദ്ധ ജനങ്ങൾ എന്നിങ്ങനെ അക്ഷയ കേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്തവർ പ്രസ്തുത വിവരം അക്ഷയ കേന്ദ്രങ്ങളിൽ അറിയിക്കേണ്ടതും അതിനനുസരിച്ച് അക്ഷയകേന്ദ്രം പ്രസ്തുത ഗുണഭോക്താക്കളുടെ വീട്ടിലെത്തി മസ്റ്ററിംഗ് നടത്തുന്നതാണെന്നും ആധാറില്ലാതെ സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ട 85 വയസ്സു കഴിഞ്ഞവർ, 80% ശാരീരിക വൈകല്യം ഉള്ളവർ, സ്ഥിരമായി രോഗശയ്യയിലുള്ളവർ ബയോമെട്രിക്ക് മസ്റ്ററിംഗ് പരാജയപ്പെടുന്നവർ എന്നിവർ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ/ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കേണ്ട താണെന്നും ഉത്തരവായിട്ടുണ്ട്.

നിശ്ചിത സമയപരിധിക്കുള്ളിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയവർക്കു മാത്രമെ മസ്റ്ററിംഗിനുള്ള നിശ്ചിത കാലാവധിക്കു ശേഷം പെൻഷൻ വിതരണം നടത്തുകയുള്ളൂ, നിശ്ചിത പരിധിക്കുള്ളിൽ മസ്റ്ററിംഗ് പൂർത്തീകരിക്കാത്തവർക്ക് തുടർന്ന് എല്ലാ മാസവും ഒന്നു മുതൽ 20 വരെ മസ്റ്ററിംഗ് നടത്താവുന്നതാണ്. എന്നാൽ അവർക്ക് മസ്റ്ററിംഗ് നടത്തുന്ന മാസം മുതൽക്കുള്ള പെൻഷൻ മാത്രമെ ലഭിക്കുകയുള്ളൂ. മസ്റ്ററിംഗ് ചെയ്യാത്ത കാലയളവിലെ പെൻഷന് ടിയാളുകൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന് ഉത്തരവായിട്ടുണ്ട്.

അക്ഷയ കേന്ദ്രങ്ങളിലെത്തി മസ്റ്ററിംഗ് ചെയ്യുന്നതിന് 30/-രൂപയായും ഗുണഭോക്താക്കളുടെ വീട്ടിൽ പോയി മസ്റ്റർ ചെയ്യുന്നതിനായി 50/-രൂപയായും ഫീസ് നിശ്ചയിച്ചിട്ടുണ്ടെന്നും ടി ഫീസ് മസ്റ്ററിംഗ് നടത്തുന്ന സമയത്ത് ഗുണഭോക്താക്കൾ തന്നെ അക്ഷയ കേന്ദ്രങ്ങൾക്ക് നൽകേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

OFFICE OF THE KOCHI MUNICIPAL CORPORATION
* ERNAKULAM, COCHIN-11 *

മേയർ

A.S. 30.03.2023